


# കൊരത്താങ്കല്ലുകൾ

ഡിജിറ്റൽ മാഗസിൻ

ജി എച്ച് എസ് എസ് ഒതുക്കുങ്ങൽ

# മുഖക്കുറിപ്പ്



**പ്രസീദ വി**
**ഹെഡ്മിസ്ട്രസ്സ്**

പ്രിയപ്പെട്ട കുട്ടികളെ...!

ഉറ്റവരോടുള്ള സ്നേഹം പോലെ തന്നെ സാഹിത്യവും, ഉള്ളിൽ കൊണ്ടു നടന്നതു കൊണ്ടു മാത്രം കാര്യമില്ല. പ്രക്ഷേപണമാണ് കലയുടെയും സാഹിത്യത്തിന്റെയും ലക്ഷ്യം. ഉള്ളിലെ ആശയങ്ങൾ വിവിധ വ്യവഹാരരൂപങ്ങളിലൂടെ ആവിഷ്കരിക്കുമ്പോഴാണ് കലയുടെ ദൗത്യം പൂർണ്ണമാവുന്നത്. കടലാസിന്റെ ഉപയോഗം കുറച്ചു കൊണ്ട് ഡിജിറ്റൽ യുഗത്തിന്റെ ആത്മാവുൾക്കൊള്ളുന്ന ഈ ഡിജിറ്റൽ മാഗസിനും, സ്കൂൾ ലിറ്റിൽ കൈറ്റ്സ് ടീമിനും ഭാവുകങ്ങൾ..!'

## ആശംസകളോടെ

ജി എച്ച് എസ് എസ് ഒതുക്കുങ്ങലിന്റെ *2019-20* കാലഘട്ടത്തിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ ഡിജിറ്റൽ മാഗസിൻ ഇറങ്ങുന്നതിൽ അതിയായ സന്തോഷമുണ്ട്. സോഷ്യൽ മീഡിയയും മറ്റും നിറഞ്ഞുനിൽക്കുന്ന ഈ വർത്തമാന ഡിജിറ്റൽ കാലഘട്ടത്തിൽ വലിയ ഉപകാരപ്രദമാകുന്ന ഒരു സംരംഭം ആയി ഈ ഡിജിറ്റൽ മാഗസിൻ മാറട്ടെ എന്ന് ആശംസിക്കുന്നു. ഈ ഉദ്യമത്തിനു വേണ്ടി മുന്നണിയിലും പിന്നണിയിലും പ്രവർത്തിച്ച എല്ലാ അധ്യാപകരെയും വിദ്യാർഥികളേയും മുക്തകണ്ഠം പ്രശംസിക്കുന്നു. ഈ മാഗസിന് എല്ലാവിധ നന്മകളും ആശംസിക്കുന്നു.



അലി മേലേതിൽ
പി ടി എ പ്രസിഡന്റ്
ജി എച്ച് എസ് എസ് ഒതുക്കുങ്ങൽ

## പത്രാധിപ സമിതി

ചീഫ് എഡിറ്റർ
പ്രസീദ വി ( ഹെഡ് മിസ്ട്രസ്സ് )

സ്റ്റാഫ് എഡിറ്റർ
കുഞ്ഞിമുഹമ്മദ് എൻ എം

അസി. എഡിറ്റർ
ഷഹീർ സി എച്ച് ( കൈറ്റ് മാസ്റ്റർ)
ആബിദ ഇ കെ ( കൈറ്റ് മിസ്ട്രസ്സ് )

സ്റ്റുഡന്റ് എഡിറ്റർ
ഷിഫാന എം ടി

അംഗങ്ങൾ
മുഹമ്മദ് ഷിബിൻഷറഫു വി കെ
മുഹമ്മദ് റിഷാൻ എ
മൻഷിദ തസ്നി
ഫാത്തിമ സഫ

rawpixel

# താളുകളിൽ


കുറിപ്പുകളും തോന്നലുകളും ........................................................ 6

വിദ്യാലയങ്ങൾ കോച്ചിംഗ് കേന്ദ്രങ്ങളാകുമ്പോൾ ..................... 7

ഇന്ത്യൻ ഭരണഘടന ............................................................... 9

പ്രൈയിമിലെ നാനാർത്ഥങ്ങൾ – ഋതുപർണ്ണഘോഷ് .............. 10

ചേതന ചിന്തുന്ന അക്ഷരക്കൂട്ടങ്ങൾ ....................................... 12

അലയുന്ന സ്നേഹം ............................................................... 13

കഴിവുകളുടെ ആവനാഴി ........................................................ 15

ഇരുളൊഴിഞ്ഞ വഴികൾ ........................................................ 16

എൻറെ ഉമ്മ ........................................................................ 17

ഒരേ മൊട്ടിൽ നിന്നുതിർന്ന രണ്ട് പുഷ്പങ്ങൾ ....................... 19

തീരാ പക - ഒരു സംഭവ കഥ .................................................. 21

പ്രകൃതിയുടെ നന്മക്കായ് ഒരാൾ ............................................. 22

സ്നേഹതീരം ....................................................................... 23

താളവും വരികളും ................................................................ 25

തീരം തേടി .......................................................................... 26

എന്റെ പ്രണയം .................................................................... 27

നോവ്.................................................................................. 28

പ്രകൃതി വിഭവങ്ങൾ ............................................................ 29

പുതുതലമുറ ........................................................................ 30

A POEMA ........................................................................... 31

MOTHER ............................................................................ 32

മാഹൗലിയാത്ത് ................................................................... 33

സിന്ദഗി ............................................................................... 34

വരകളും വർണ്ണങ്ങളും ........................................................ 35

ഓർത്തെടുക്കാൻ ചില നിമിഷങ്ങൾ ....................................... 41

പുസ്തകങ്ങൾക്കപ്പുറം ............................................................ 42

# തോന്നലുകളും , കുറിപ്പുകളും

# വിദ്യാലയങ്ങൾ കോച്ചിംഗ് കേന്ദ്രങ്ങളാകുമ്പോൾ

വിദ്യാഭ്യാസം മാനവസമൂഹത്തിന്റെ ചരിത്രത്തിൽ എക്കാലത്തും പ്രധാനപ്പെട്ട ഒരു വ്യവഹാരം ആയിരുന്നിരിക്കണം. വ്യക്തിയെ സാമൂഹ്യജീവിതത്തിന് പ്രാപ്തനാക്കുകയെന്നത് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമാണ്. ഒരു വ്യക്തിയിൽ അന്തർലീനമായിരിക്കുന്ന എല്ലാ കഴിവുകളേയും അതിന്റെ പരമാവധി സാധ്യമായ തലത്തിലേയ്ക്ക് വികസിപ്പിക്കുക എന്ന വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം മഹാരഥൻമാരായ വിദ്യാഭ്യാസ ചിന്തകൻമാരെല്ലാം വ്യത്യസ്തമായ വാക്കുകളിലാണെങ്കിലും പറഞ്ഞു വെച്ചിട്ടുണ്ട്. ഒരു ശിലയിൽ നിന്നും ശില്പി ശിൽപം മെനഞ്ഞുണ്ടാക്കുന്നതുപോലെ അങ്ങേയറ്റം സർഗാത്മകത ആവശ്യപ്പെടുന്ന ഒരു പ്രക്രിയയാണ് അധ്യാപനം. തൻറെ മുന്നിലുള്ള കുട്ടിയിൽ നിന്നും വാർത്തെടുക്കേണ്ട മനുഷ്യ ശിൽപത്തെക്കുറിച്ച് അധ്യാപനം നടത്തുന്ന വ്യക്തിക്ക് ഭാവനാപൂർണമായ കാഴ്ചപ്പാട് ഉണ്ടായിരിക്കേണ്ടതുണ്ട്. വ്രതശുദ്ധിയോടെയും സമർപ്പിതമനസ്സോടെയും മാത്രമേ ഈ പ്രവൃത്തി ഏറ്റെടുക്കാനാവൂ. എന്നാൽ ഇന്ന് നിലവിലുള്ള വിദ്യാഭ്യാസവ്യവസ്ഥ അധ്യാപകനെ വെറും പരിശീലകനായി മാറ്റിയിരിക്കുന്നു.



എഴുത്തുപരീക്ഷയ്ക്ക് ചോദിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുന്നതിന് കുട്ടിയെ പരിശീലിപ്പിക്കുക എന്നതായിരിക്കുന്നു അദ്ധ്യാപകൻറെ ജോലി. ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്നതിന് അവരെ പ്രാപ്തരാക്കുന്നവനാണ് ഏറ്റവും നല്ല അധ്യാപകൻ എന്ന ധാരണ വ്യാപകമായിരിക്കുന്നു. കുട്ടി മനസ്സിലാക്കിയിരിക്കുന്നത് ഏറ്റവും കൂടുതൽ മാർക്ക് നേടുന്നതാണ് മികച്ച വിദ്യാഭ്യാസം എന്നാണ്. രക്ഷകർത്താവ് ധരിച്ചുവെച്ചിരിക്കുന്നതും കൂടുതൽ മാർക്ക് വാങ്ങാൻ കഴിയുന്നതാണ് വിദ്യാഭ്യാസനിലവാരത്തിന്റെ മാനദണ്ഡം എന്നാണ് . സമൂഹത്തിൽ വേരുറച്ചിരിക്കുന്നതും അങ്ങനെ ഒരു കാഴ്ചപ്പാട് തന്നെ . ഏറ്റവും മികച്ച ഒന്നായി ഒരു വിദ്യാലയത്തെ സമൂഹം വിലയിരുത്തുന്നത് പരീക്ഷയ്ക്ക് അവിടെ ഉയർന്ന വിജയശതമാനം ഉണ്ടാകുമ്പോഴാണ്. ദൗർഭാഗ്യകരമെന്ന് പറയട്ടെ, ഈ കാഴ്ചപ്പാടിന്റെ വൈകല്യം കുട്ടിയെയും രക്ഷകർത്താവിനെയും സമൂഹത്തെയും ബോധ്യപ്പെടുത്താൻ ബാധ്യതപ്പെട്ട അധ്യാപകനും ഇതിന് അടിമയായിരിക്കുന്നു. ഒരു കവിത പഠിക്കുന്ന ക്ലാസിൽ അതിൻറെ ലക്ഷ്യമായി ഉണ്ടായിരിക്കേണ്ടത് കുട്ടിയെ നല്ല ഒരു ആസ്വാദകൻ ആക്കുക എന്നതും അവൻറെ ഭാവനയെ വികസിപ്പിക്കുക എന്നതും ഒക്കെ ആയിരിക്കണം. എന്നാൽ അവിടെ പോലും ചർച്ചകൾ നടക്കുന്നത് ഈ പാഠഭാഗത്തു നിന്ന് പരീക്ഷയ്ക്ക് എപ്രകാരമായിരിക്കും ചോദ്യങ്ങൾ വരിക എന്നും അതിനു ഏതുതരത്തിൽ ഉത്തരം നൽകിയാൽ ആണ് കൂടുതൽ സ്കോർ ലഭിക്കുക എന്നുമുള്ള തരത്തിലാണ്. കുട്ടിയെ ശാസ്ത്രീയ മനോഭാവം ഉള്ളവൻ ആക്കുക എന്നതും അവനിൽ നിരീക്ഷണപാടവം വളർത്തുക എന്നതും ലക്ഷ്യം ആയിരിക്കേണ്ട ഒരു ശാസ്ത്ര ക്ലാസ്സിന്റെ അവസ്ഥയും ഇതൊക്കെ തന്നെ.



ഏതു വിഷയം എടുത്തു പരിശോധിച്ചാലും അവിടെയൊക്കെ പരീക്ഷാപരിശീലനം മാത്രമാണ് നടക്കുന്നതെന്ന് മനസ്സിലാക്കാനാവും. കുട്ടിയിൽ മാനുഷിക മൂല്യങ്ങൾ വളർത്തിയെടുക്കുകയും അവനെ രൂപത്തിൽ മാത്രമല്ല ,പ്രകൃതത്തിലും മനുഷ്യനാക്കുകയും ചെയ്യുക എന്ന ലക്ഷ്യം വിദ്യാഭ്യാസം കൊണ്ട് നേടാനാവേണ്ടതുണ്ട്. സഹജീവികളായ മനുഷ്യരെ മാത്രമല്ല സകല ജീവജാലങ്ങളെയും സ്നേഹിക്കാൻ ഉള്ള മനസ്സ് കുട്ടിയിൽ രൂപപ്പെടുത്താൻ വിദ്യാഭ്യാസത്തിന് ആവണം. ആർദ്രതയും ദയയും ഉള്ള ഒരു ഹൃദയത്തിന് ഉടമയായി അവനെ പരുവപ്പെടുത്തണം. സംസ്കാരത്തേയും ചരിത്രത്തേയും വിലമതിക്കുന്നവനായി അവൻ മാറണം. പ്രകൃതിയെ സ്നേഹിക്കേണ്ടതിനേറെയും അതിനെ തനിക്കും വരാനിരിക്കുന്ന അനേകായിരം തലമുറകൾക്ക് വേണ്ടിയും സംരക്ഷിക്കേണ്ടതിന്റേയും ഉത്തരവാദിത്തം തനിക്കുണ്ടെന്ന് അവൻ തിരിച്ചറിയണം. സഹിഷ്ണുതയുടേയും പരസ്പര ബഹുമാനത്തിന്റേയും ജനാധിപത്യത്തിന്റെയും ഉന്നതമായ മൂല്യങ്ങൾ അവൻ സ്വായത്തമാക്കണം. സർവോപരി ഒരു വിശ്വമാനവനായി അവൻ ഉയർത്തപ്പെടണം. വിദ്യാലയങ്ങൾ കേവലം പരീക്ഷാപരിശീലന കേന്ദ്രങ്ങൾ ആയി മാറുന്ന ഇന്നത്തെ ഈ വഴിമാറി നടക്കലിൽ നിന്നും വിദ്യാഭ്യാസവ്യവസ്ഥയെ രക്ഷിച്ചെടുക്കേണ്ടതിന്റെയും യഥാർത്ഥ ലക്ഷ്യങ്ങളിലേക്ക് അതിനെ തിരിച്ചു കൊണ്ടുവരേണ്ടതിന്റെയും ഉത്തരവാദിത്തം വിദ്യാഭ്യാസരംഗത്ത് ഇടപെടുന്ന മുഴുവനാളുകളുടെതുമാണ്.



**രാമകൃഷ്ണൻ എൻ**

(HST PHYSICAL SCIENCE)


# ഇന്ത്യൻ ഭരണഘടന




ലോകത്തെ ലിഖിത ഭരണഘടനകളിൽ ഏറ്റവും ബൃഹത്തായ ഒന്നാണ് ഇന്ത്യയുടെ ഭരണഘടന. ഇന്ത്യൻ ഭരണഘടനയിൽ 448 വകുപ്പുകളും 12 പട്ടികകളും ഉണ്ട്. ഭരണഘടനയുടെ ആമുഖത്തിൽതന്നെ ജനാധിപത്യ ഇന്ത്യയുടെ അടിസ്ഥാന ആശയങ്ങൾ പൂർണമായും പ്രതിഫലിപ്പിക്കുന്നു എന്നതാണ് ഇന്ത്യൻ ഭരണഘടനയുടെ മറ്റൊരു സവിശേഷത. നമ്മുടെ രാജ്യം സ്ഥിതി സമത്വ മതനിരപേക്ഷ ജനാധിപത്യ പരമാധികാര രാഷ്ട്രമാണ്. അതോടൊപ്പം സാമൂഹിക രാഷ്ട്രീയ നീതി ഉറപ്പാക്കുകയും ചെയ്യണം എന്നും നിഷ്കർഷിക്കുന്നു. ഈ ആശയങ്ങൾ ഉയർത്തിപ്പിടിക്കുന്നതിനുവേണ്ടി ഭരണഘടന നമുക്ക് ഉറപ്പ് നൽകുന്ന ചില സവിശേഷ അവകാശങ്ങളാണ് മൗലിക അവകാശങ്ങൾ.

## മൗലിക അവകാശങ്ങൾ

ഭരണ ഘടനയുടെ 3ാം ഭാഗത്തിൽ പ്രതിബാദിക്കുന്ന മൗലിക അവകാശങ്ങൾ 6 എണ്ണം താഴെ പറയും പ്രകാരമാണ്.




1. സമത്വത്തിനുള്ള അവകാശം, Article 14-18.
2. സ്വാതന്ത്ര്യത്തിനുള്ള അവകാശം, Article 19-22.
3. ചൂഷണത്തിനെതിരേയുള്ള അവകാശം, Article 23-24.
4. മത സ്വാതന്ത്ര്യത്തിനുള്ള അവകാശം, Article 25-28.
5. സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശം, Article 29-30.
6. ഭരണഘടനാപരമായ പ്രതിവിധിക്കുള്ള അവകാശം, Article 32.

ഭരണഘടനാപരമായ പ്രതിവിധിക്കുള്ള അവകാശത്തെക്കുറിച്ച് നമ്മുടെ ഭരണഘടനയുടെ ശിൽപ്പിയായ ഡോക്ടർ അംബേദ്കർ പറഞ്ഞത് നമുക്ക് ഇപ്രകാരം വായിക്കാം. "ഭരണഘടനയുടെ 32 ആം വകുപ്പ് ഇന്ത്യൻ ഭരണഘടനയുടെ ഹൃദയവും ആത്മാവുമാണ്". ഈ പരാമർശം അർഥമാക്കുന്നത്, ഒരു ഇന്ത്യൻ പൗരന്റെ ഏതെങ്കിലും ഒരു മൗലിക അവകാശം നിഷേധിക്കപ്പെട്ടാൽ നിയമം മൂലം ആ അവകാശം നേടി എടുക്കുന്നതിനായി കോടതിയെ സമീപിക്കാമെന്നാണ്. ഇന്ന് നമ്മുടെ രാജ്യത്ത് ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെട്ട് കൊണ്ടിരിക്കുന്ന പൗരത്വ ഭേദഗതി നിയമം ഭരണഘടന ലംഘനമാണെന്നും മൗലിക അവകാശ നിഷേധമാണെന്നും പറയാൻ കാരണം, മൗലിക അവകാശങ്ങളായ സമത്വത്തിനുള്ള അവകാശവും മത സ്വാതന്ത്ര്യത്തിനുള്ള അവകാശവും നിഷേധിക്കപ്പെടുന്നു എന്നതുകൊണ്ടാണ്. പൗരൻമാരുടെ ലംഘിക്കപ്പെട്ട അവകാശങ്ങൾ നേടിത്തരാൻ അർഹതയുള്ള നീതിപീഠം പോലും നോക്കുകുത്തിയായി മാറുന്നുണ്ടോ എന്ന ആശങ്ക പൗരൻമാരെ തെല്ലൊന്നുമല്ല ഭയപ്പെടുത്തുന്നത്. ഈ കാലഘട്ടത്തിൽ ഇന്ത്യൻ ഭരണഘടനയുടെ സംരക്ഷണവും മതേതര ജനാധിപത്യ ഇന്ത്യയുടെ ഐക്യവും അഖണ്ഡതയും കാത്ത് സൂക്ഷിക്കേണ്ടത് നമ്മുടെ ഓരോത്തരുടേയും കടമയാണെന്ന് തിരിച്ചറിയുക. "ഭരണഘടന ശിൽപ്പികൾക്ക് പ്രണാമം, ഭരണഘടന നീണാൾ വാഴട്ടെ"

ഷറഫുദ്ദീൻ കെ ( HST SOCIAL SCIENCE)

## ഫ്രെയിമിലെ നാനാർത്ഥങ്ങൾ- ഋതുപർണ ഘോഷ്

ആടയാഭരണങ്ങളഴിച്ച് വെച്ചാൽ സിനിമയും ജീവിതത്തിന്റെ നേർപ്പകർപ്പുതന്നെ. ചിന്തകൾക്കുമപ്പുറത്തെ ഭ്രമാത്മകതയിലേക്ക് മനസ്സിനെ നയിക്കാൻ ബൗദ്ധികമായി നാടകത്തോളം വരില്ലെങ്കിലും സമകാലലോകത്തെ ഇത്രമേൽ സ്വാധീനിച്ച മറ്റൊരു കലാരൂപമില്ല. നിത്യജീവിതത്തിൽ നാം കണ്ടു പരിചയിച്ച പല ജീവിത സത്യങ്ങളെയും മാസ്മരികമാക്കിത്തീർക്കാനുള്ള അതിന്റെ കഴിവ് അത്ഭുതകരമാണ്. അത്രമേൽ അറിയുന്ന ദൃശ്യങ്ങൾ പോലും ഫ്രെയിമിനകത്ത് അനുഭൂതി നിറക്കുന്നു.

ഇന്ത്യൻ സിനിമയിൽ ഭാവുകത്വ പരിണാമത്തിന് തുടക്കം കുറിച്ചതിൽ ബംഗാളി സിനിമക്കും സത്യജിത് റേയ്ക്കും വലിയ പങ്കുണ്ട്. റേ തുടങ്ങി വെച്ചത് മറ്റൊരു രീതിയിൽ പൂരിപ്പിച്ചവരിൽ പ്രഥമഗണനീയനാണ് ഋതുപർണഘോഷ്. ബംഗാളിലെ വരേണ്യ ബുദ്ധിജീവി വർഗ്ഗമാകുന്ന ഭദ്രലോകിന്റെ നിലപാടുകളെ വിറപ്പിച്ച പരീക്ഷണങ്ങൾ നടത്തിയ ഘോഷിന്റെ നായികമാർ ആണധികാരത്തെ കുടഞ്ഞു കളഞ്ഞു.



ഹിരേർ ആങ്ഗ്ടി, ഉനിഷേ ഏപ്രിൽ, ചോഖർബാലി, റെയിൻകോട്ട്, അബഹോമൻ, ചിത്രാംഗദ, സത്യാന്വേഷി തുടങ്ങിയ ഒരു പിടി ചിത്രങ്ങളിലൂടെ 12 ദേശീയ പുരസ്കാരങ്ങളാണ് അദ്ദേഹം നേടിയത്. ഒന്നര നൂറ്റാണ്ട് പഴക്കമുള്ള വകുപ്പ് 377 ന്റെ അന്തസ്സാര ശൂന്യത സുപ്രീം കോടതി റദ്ദ് ചെയ്യുന്നതിന് മുമ്പ് തന്നെ കേവലം 49 വയസ്സിൽ അദ്ദേഹം രംഗമൊഴിഞ്ഞു. എങ്കിലും ഏകപക്ഷീയവും യുക്തിഹീനമെന്നും വിളികേട്ട ആ നിയമത്തെ സിനിമ കൊണ്ടും ജീവിതം കൊണ്ടും മറികടന്നിരുന്ന അദ്ദേഹം. അമ്മയുടെ മരണാനന്തരം ഘോഷ് തന്റെ മാറിയ ലിംഗപദവി പരസ്യപ്പെടുത്തി.

ബംഗാളിന്റെ പൊതുവേദികളിൽ സ്ത്രീ സ്വത്വമാർജ്ജിച്ചും സ്ത്രീ വേഷത്തിലും പ്രത്യക്ഷപ്പെട്ട് പാടിയാർക്കൽ സമൂഹത്തെ വിറളി പിടിപ്പിച്ചു. ട്രാൻസ്ജെന്റേഴ്സും പൗരന്മാരാണെന്ന സത്യത്തെ അഭിനയത്തിലൂടെ തിരഞ്ഞ ഘോഷ്, കൗശിക് ഗാംഗുലിയുടെ അരേക്തി പ്രേമേർ ഗോൽപോ, സഞ്ജയ് നാഗിന്റെ മെമ്മറീസ് ഓഫ് മാർച്ച് എന്നീ സിനിമകളിൽ സ്വവർഗ്ഗാനുരാഗി നടനായി അഭിനയിച്ചു.

പാരമ്പര്യങ്ങളോട് കലഹിച്ചും പഴയ വിഗ്രഹങ്ങളെ ഭഞ്ജിച്ചും പുത്തൻ പ്രതിഷ്ഠാപകനാവുന്നവർ തന്നെയാണ് ലോകത്തെ എന്നും മുന്നിൽ നിന്ന് നയിച്ചത്. ഒരു പക്ഷേ ഇന്ത്യൻ സദാചാരത്തിന്റെ കാപട്യം മറ നീക്കിക്കാണിക്കുകയാണ് അദ്ദേഹം ചെയ്തത്. ഒരു കാലത്ത് അറപ്പോടും വെറുപ്പോടും സമൂഹം കണ്ടിരുന്നവരും ശരീരത്തിന്റെ ജൈവികതയിലെ വ്യത്യസ്തത കൊണ്ട് മനുഷ്യർ തന്നെയാണെന്ന ബോധ്യമാണ് ഘോഷിനെ നയിച്ചത്.



ശക്തരായ നായിക കഥാപാത്രങ്ങൾക്ക് അദ്ദേഹം ജീവൻ നൽകി. ഏറ്റവുമധികം നടികൾക്ക് പുരസ്കാരം നേടിക്കൊടുത്തതും ഋതുപർണ ഘോഷ് സിനിമകൾ തന്നെ. തന്റെ സിനിമകൾ കൊണ്ടും വ്യക്തിത്വം കൊണ്ട് ബംഗാളിയേയും കൊൽക്കൊത്തയുടെ മൂല്യബോധത്തെയും അദ്ദേഹം നവീകരിച്ചു. നിരവധി അന്താരാഷ്ട്ര പുരസ്കാരങ്ങളും അദ്ദേഹത്തെ തേടിയെത്തി. സ്വശരീരത്തെയും സിനിമയേയും അടിമുടി പരിഷ്കരണങ്ങൾക്ക് വിധേയമാക്കിയ ഘോഷ് നിർമ്മിച്ചെടുത്ത നവീന ഭാവുകത്വം മാറിയ ഇന്ത്യൻ സാഹചര്യത്തെ ഇളക്കിവെച്ചുറപ്പിക്കുക തന്നെ ചെയ്യുന്നു.


ഷാജി വി വെള്ളത്തൂർ
(എച്ച് എസ് ടി മലയാളം)

# ചേതന ചിന്തുന്ന അക്ഷരക്കൂട്ടങ്ങൾ

# അലയുന്ന സ്നേഹം

ഒരു അർദ്ധരാത്രി ഏകദേശം ഒരു മണിയാകാറായിട്ടുണ്ടാകും. കൂരാ കൂരിരുട്ട്. ചുറ്റും നിശബ്ദത. ഒരില പോലും ചലിയ്ക്കുന്നില്ല. മൃഗങ്ങളും പക്ഷികളും നിദ്രയിലാണ്ടു. അമ്മു എന്ന ഒരു പെൺകുട്ടി അനാഥാലയത്തിൽ നിന്ന് പുറത്തിറങ്ങി. അവളുടെ കണ്ണുകൾ തിളങ്ങുന്നുണ്ടായിരുന്നു. ആരെയോ അന്വേഷിച്ചു കൊണ്ടുള്ളൊരു യാത്ര. എവിടേക്കെന്നറിയാതെ അവൾ യാത്ര തുടരുകയാണ്. നടന്ന്, നടന്ന് അവളൊരു റെയിൽവേസ്റ്റേഷനിലെത്തി. അന്ന് രാത്രി അവൾ അവിടെ തല ചാഴ്ത്തി.

അടുത്ത ദിവസം പ്രഭാതത്തിൽ ചായക്കാരന്റെ ശബ്ദം കേട്ട് അവൾ ഉണർന്നു. അവൾ വീണ്ടും നടക്കാൻ തീരുമാനിച്ചു. അവളെ ഇത്രയും സ്വാധീനിച്ച ആ വ്യക്തി ആരായിരിക്കും ! അത് അവളുടെ കൂടപ്പിറപ്പ് തന്നെയാണ്. അതെ, അവളുടെ സ്വന്തം സഹോദരൻ. പണ്ടെങ്ങോ അവളെ അനാഥാലയത്തിൽ ഏൽപ്പിച്ചത് അവനാണ്. അതിന് ശേഷം കണ്ടിട്ടില്ല. തന്റെ സഹോദരൻ ഒരിക്കൽ വരുമെന്ന ഒരു പ്രതീക്ഷയുണ്ടായിരുന്നു അവളിൽ. പണ്ട് അവളെ അവിടെ എത്തിച്ചപ്പോൾ അവൾക്ക് ആറോ, ഏഴോ വയസ്സേ കാണൂ. ഇപ്പോൾ പതിനൊന്ന് വയസ്സായി പ്രായം. ചേട്ടന്റെ മുഖം ഒരു മിന്നല് പോലെ അവൾക്ക് ഓർമ്മയുണ്ട്. അവൾക്ക് ബുദ്ധിവച്ച കാലത്തോളം അച്ഛനും അമ്മയും അവരുടെ കൂടെ ഇല്ലായിരുന്നു. അവർ മരിച്ചു പോയി എന്ന് മാത്രമേ



അവൾക്ക് അറിയൂ. അച്ഛന്റെയും അമ്മയുടെയും കാലശേഷം ചേട്ടനാണ് അവളെ വളർത്തിയത്. വളരെ ഇഷ്ടമായിരുന്നു ചേട്ടന് അമ്മുവിനെ. അവൻ പോകുന്ന എല്ലായിടത്തും അവളെയും കൊണ്ട് പോകുമായിരുന്നു. ദാരിദ്ര്യം നിറഞ്ഞതായിരുന്നു ഇരുവരുടെയും ജീവിതം.അവൾക്കു ചേട്ടനെന്നു വച്ചാൽ ജീവനായിരുന്നു. ഒരു പ്രതിസന്ധി ഘട്ടത്തിൽ അവളെ അനാഥാലയത്തിൽ ഏൽപ്പിച്ചതാണ്. കരഞ്ഞു കൊണ്ടാണ് അവളെ ഇവിടെ എത്തിച്ചതെന്ന് ആയമാർ പറഞ്ഞു കേട്ടിട്ടുണ്ട്. അതിനു ശേഷം കണ്ടിട്ടില്ല.

അവൾ യാത്ര ചെയ്ത് തളർന്നു. അവളുടെ വസ്ത്രമെല്ലാം മുഷിഞ്ഞിരുന്നു. വിശപ്പ് അകറ്റാൻ ആഹാരമോ മറ്റൊരു വസ്ത്രമോ ഇല്ലായിരുന്നു അവളുടെ കയ്യിൽ. അവളുടെ കൈയിൽ വെറും 8 രൂപ മാത്രമേ ഉള്ളൂ. ക്ഷീണം അകറ്റാനും വൃത്തിയാകാനും പറ്റിയ ഒരിടം അവൾക്കറിയില്ല. അവൾക്കു രൂപയുടെ കണക്കൊന്നും അറിയില്ലായിരുന്നു.


കൈയ്യിലുള്ള എട്ടു രൂപയ്ക്ക് ഒരു ചായ മാത്രമേ കിട്ടൂ എന്ന് കേട്ടപ്പോൾ അത്ഭുതം തോന്നി ! ആദ്യം ഒരു രൂപയ്ക്ക് ഭക്ഷണം കഴിക്കാൻ വേണ്ടി അലഞ്ഞിരുന്ന ചേട്ടനെ മാത്രമേ അവൾക്കറിയൂ. കാലം എത്ര കടന്നു പോയി. ആ എട്ടു രൂപയ്ക്ക് കിട്ടിയ ഭക്ഷണം കഴിച്ച് അവൾ ഒരിടം തേടി അലഞ്ഞു.

അതിനിടെ പൂക്കച്ചവടം നടത്തുന്ന ഒരു കൊച്ചു പെൺകുട്ടിയെ അവളുടെ ശ്രദ്ധയിൽ പെട്ടു. അവൾ ആ കുട്ടിയുടെ കച്ചവടത്തിന് സഹായിച്ചു. അവസാനം കൂലിയായി ആ കുട്ടി ഒരു പത്തു രൂപ നീട്ടി. അവൾ അത് വാങ്ങി നടന്നു. അവൾ ഏകദേശം 30 കിലോമീറ്റർ നടന്നിട്ടുണ്ടാകും. അവൾ ഒരു വാഹനം അന്വേഷിച്ചു. അവൾ ഒരുപാട് വാഹനങ്ങൾക്ക് കൈനീട്ടി. പക്ഷെ ആരും നിർത്തിയില്ല. സൂര്യൻ തലക്കുമുകളിൽ എത്തിയിരിക്കുന്നു. നല്ല ഉച്ചസമയം, അവൾ ഒരു മരത്തണലിൽ വിശ്രമിക്കാൻ വേണ്ടി കിടന്നു. അവൾ അറിയാതെ ഒന്ന് മയങ്ങി. സമയം കടന്നു പോയി. അവൾ ഞെട്ടിയുണർന്നു. നേരം സന്ധ്യ ആകാറായി.

എന്തു ചെയ്യണമെന്നറിയാതെ നിൽക്കുമ്പോൾ പിറകിൽ നിന്ന് ആരോ അവളെ മുട്ടിവിളിച്ചു. തിരിഞ്ഞു നോക്കുമ്പോൾ ഒരു സ്ത്രീ. നാൽപ്പത് വയസ്സുണ്ടാകും ആ സ്ത്രീയ്ക്ക്. ആ സ്ത്രീയുടെ വിവാഹം കഴിഞ്ഞിട്ടുണ്ട്. പക്ഷെ, കുട്ടികളില്ല. അവളെ അവരുടെ വീട്ടിൽ കൊണ്ടുപോയി. പോകുന്ന വഴിക്ക് അമ്മയുടെ കൂട്ടുകാരിയാണെന്ന് പറഞ്ഞു. ആ വീട്ടിൽ അവൾ അമ്മയെ ആദ്യമായ് കണ്ടു. പക്ഷെ ഫോട്ടോയിൽ ആണെന്നു മാത്രം. അമ്മയെ കാണാൻ നല്ല ഭംഗിയുണ്ട്. അച്ഛനെ അപ്പോഴും കണ്ടില്ല. അച്ഛനും അമ്മയും അപകടത്തിൽ മരിച്ചതാണെന്ന് അവളോട് പറഞ്ഞു.

അന്ന് രാത്രി ഭക്ഷണവും കിടക്കാനുള്ള സൗകര്യവും ധരിക്കാനുള്ള വസ്ത്രവും നൽകി. ആദ്യമായാണ് അത്രയും നല്ല വസ്ത്രം അവൾ ധരിക്കുന്നത്. വലിയ പണക്കാരാണെന്ന് തോന്നുന്നു. പിറ്റേന്ന് രാവിലെ അവളുടെ ലക്ഷ്യം ആ സ്ത്രീയോട് പറഞ്ഞു. ഉടനെ ഒരു ഫോട്ടോ അവൾക്കു കൊടുത്തു. അത് അവളുടെ ചേട്ടന്റെ ഫോട്ടോ ആണ്. പക്ഷെ അതിൽ മുഖം വ്യക്തമല്ല. അവൾ സന്തോഷത്തോടെ ആ വീട്ടിൽ നിന്ന് ഇറങ്ങി. തിരികെ പോരുമ്പോൾ അവർ അവൾക്ക് കുറച്ച് കാശ് കൊടുത്തു.

അവൾ അങ്ങാടിയിലെത്തി. ആ കിട്ടിയ കാശ് കൊണ്ട് ആ ഫോട്ടോ ഒന്നുകൂടി വ്യക്തത വരുത്തി. സ്റ്റുഡിയോയിൽ നിന്ന് സന്തോഷത്തോടെ ഇറങ്ങുന്ന സമയത്ത് അവൾ ഒരു കാഴ്ച കണ്ടു. ആളുകൾ എല്ലാവരും ഓടുന്നു. ദൂരെ ഒരാൾക്കൂട്ടം. എന്താണെന്നറിയാൻ വേണ്ടി അവളും അവരുടെ പിന്നാലെ നടന്നു. അവിടെയെത്തിയപ്പോൾ ഒരു ഓടയിൽ നിന്ന് അഴുക്കിൽ പുരണ്ട ഒരു ശവശരീരം എടുക്കുന്നു. ഒരൊറ്റ നോട്ടം പിന്നെ നോക്കിയില്ല. അവൾ സൂക്ഷിച്ച് നോക്കിയപ്പോൾ ആ ഫോട്ടോയിൽ കാണുന്നതുമായി ഒരു സാമ്യം തോന്നും ശരീരം കണ്ടാൽ. അവളുടെ മനസ്സിൽ ഒരു ഭയം. അവൾ അടുത്തേക്ക് ചെന്ന് മടിയിൽ കിടത്തി. വീണ്ടും വീണ്ടും ഫോട്ടോയിൽ നോക്കി. അത് അവളുടെ ചേട്ടൻ തന്നെയാണ്, അവൾക്കു വിശ്വസിക്കാൻ കഴിഞ്ഞില്ല. അവളുടെ കണ്ണുനീർ അവന്റെ നെറ്റിയിൽ പതിച്ചു. ഒരുപാട് വർഷങ്ങൾക്കു ശേഷം ചേട്ടനെ കണ്ടുപിടിക്കാൻ വേണ്ടി അന്വേഷിച്ചു നടന്നു. അവസാനം കണ്ടത് ഈ അവസ്ഥയിൽ. കറിയുടെ നിറത്തിലുള്ള മാലിന്യങ്ങളാൽ മലിനമായ അവളുടെ ചേട്ടനെ നെഞ്ചോട് ചേർത്ത് അവൾ പൊട്ടിക്കരഞ്ഞു.



**മിൻഷ തപസ്സും (8 B)**

## കഴിവുകളുടെ ആവനാഴി

അവനു ചുറ്റും ജനക്കൂട്ടം നിരങ്ങി. പല കടലാസുകളും ജീവനറ്റ പോലെ നിലത്തുവീണ .സെക്യൂരിറ്റി ആ ജനക്കൂട്ടത്തെ തള്ളിമാറ്റി. മൊബൈൽഫോണുകൾ ഉയർന്നുപൊങ്ങി. സെക്യൂരിറ്റികളുടെ സഹായത്തോടെ ജനക്കൂട്ടത്തിനിടയിൽനിന്ന് അവൻ സ്റ്റേജിൽ കയറി. കൂക്കുവിളികളും, ആർപ്പുവിളികളും ഉയർന്നു. അവൻ തുടങ്ങി

പ്രിയപ്പെട്ട ജനങ്ങളെ, കുട്ടികളെ, സുഹൃത്തുക്കളെ...............

ഞാനിന്ന് ലോക പ്രശസ്ത ചിത്രകാരനാണ്, എൻറെ കഥ നിങ്ങൾ അറിയുക തന്നെ വേണം. സാധാരണ ഒരു ഗവൺമെൻറ് സ്കൂളിലെ വരാന്തയിലൂടെ കളിച്ചു വളർന്നവനാണ് ഞാൻ . എല്ലാത്തിലും മോശം. പഠനത്തിലും, കളിയിലും, എന്തിലും. എട്ടാം ക്ലാസിൽ പഠിക്കുമ്പോൾ ഞങ്ങൾക്ക് കലയുടെ സാർ വന്നു. സാർ, ചോദിച്ചു. ഇതിൽ തീരെ ചിത്രം വരയ്ക്കാൻ കഴിയാത്തവരുണ്ടോ?. കുട്ടികളുടെ ഇടയിൽനിന്ന് ഒരാൾ മാത്രം എഴുന്നേറ്റു. കുട്ടികൾ പരിഹസിച്ചു. കുട്ടികൾക്ക് ഇടയിൽനിന്നും പരിഹാസ വാക്കുകളും. ചിരി ശബ്ദവും ഉയർന്നു. സാർ എന്നെ വിളിച്ചു ചോക്ക് തന്നിട്ട് പറഞ്ഞു. "നിനക്ക് ഇഷ്ടമുള്ള എന്തെങ്കിലും വരയ്ക്ക്". ബോർഡിൽ കൈവെച്ച എൻറെ കൈകൾ വിറച്ചു. സാറിൻറെ കൈകളിൽ പിടിച്ച് ഒരു ചിത്രം വരപ്പിച്ചു. നല്ല ഭംഗിയുള്ള ഒരു പെൺകുട്ടി. അന്നാദ്യമായി എൻറെ മനസ്സിൽ വര എന്ന ഒരു ചിന്ത വന്നു. ഉപ്പാനോട് തല്ലു പിടിച്ച ഡ്രോയിങ് ബുക്ക് വാങ്ങിച്ചു.വരയ്ക്കാൻ തുടങ്ങി. എന്റെ വരകളിൽ സാർ വരെ ഞെട്ടിപ്പോയി. കുട്ടികൾക്കിടയിലെ പരിഹാസമായിരുന്ന ഞാൻ അങ്ങനെ പ്രശസ്തനായി. എൻറെ വരകൾ സ്കൂൾ മൊത്തം പരന്നു.

അന്ന് ഞാൻ മനസ്സിലാക്കി,കഴിവുകൾ ഇല്ലാത്തവരായി ആരുമില്ല. ആരായിക്കോട്ടെ ,തടിച്ചവനോ, ഹിന്ദുവോ, മെലിഞ്ഞവനോ, മുസ്ലിമോ, കറുത്തവനോ, ക്രിസ്ത്യാനോ, വെളുത്തവനോ....

ആരുമായിക്കൊള്ളട്ടെ, എല്ലാവരിലും ഒരു പോലെ കഴിവുണ്ട്. നമ്മുടെ കഴിവുകൾ ഇല്ലാതാക്കാൻ ആർക്കും കഴിയില്ല. എനിക്ക് കഴിയില്ല, എന്നുപറഞ്ഞാൽ ഒന്നിനും കഴിയില്ല. ആരു പരിഹസിച്ചാലും തൻറെ ഉള്ളിലൊരു കഴിവുണ്ടെന്നു മനസ്സിലാക്കുകയും ഉയരങ്ങളിലേക്ക് പറക്കുകയും ചെയ്യുക.


പാട്ട്, വര ,ഡാൻസ്, പഠനം തുടങ്ങിയ കഴിവുകളോ , മറ്റേതെങ്കിലുമോ ആയിക്കൊള്ളട്ടെ. വളർത്തിയെടുക്കുക, ഒന്നും ഇല്ലാത്തവരായി ആരുമില്ല. ആർക്കും പഠിക്കാം വളരാം. ആരൊക്കെ എന്തൊക്കെ പറഞ്ഞാലും നാം നമ്മുടെ വഴിയിൽ തുടരണം. ചിത്രകാരൻ തൻറെ വാക്കുകൾ അവസാനിപ്പിച്ചു. അവൻറെ കണ്ണുകളിൽ നിന്ന് കണ്ണീർ പൊടിയുന്നത് എല്ലാവരുടെയും ശ്രദ്ധയിൽപ്പെട്ടു,



ആയിഷ നുബ പി ടി (8 A)

## ഇരുളൊഴിഞ്ഞ വഴികൾ

ഒരു രാജ്യത്ത് ഒരു പ്രമാണി ഉണ്ടായിരുന്നു. അദ്ദേഹത്തിന് കുഞ്ഞുങ്ങൾ ഇല്ലായിരുന്നു. പ്രമാണിയുടെയും ഭാര്യയുടേയും വർഷങ്ങളുടെ കാത്തിരിപ്പിനൊടുവിൽ അവർക്ക് ഒരു കുഞ്ഞു പിറക്കാൻ പോകുന്നു. അവർ സങ്കടങ്ങളെല്ലാം മറന്ന് ആഹ്ലാദിച്ചു .മാസങ്ങൾ കടന്നുപോയി അവർക്ക് ഒരു കുഞ്ഞു ജനിച്ചു. വർഷങ്ങളുടെ കാത്തിരിപ്പിനൊടുവിൽ സ്വപ്നം സഫലമാകാതെ അമ്മ യാത്രയായി. ഈ വിവരം അറിയാതെ പ്രമാണി തൻറെ മകളെ കണ്ടു സന്തോഷിച്ചു. അവളെ വാരിയെടുത്തു നെഞ്ചോട് ചേർത്ത് ചുംബനങ്ങൾ നൽകി. പിന്നീടാണ് പ്രമാണിയുടെ ഭാര്യ മകളെ ഒരു നോക്കു കാണാതെ എന്നെന്നേക്കുമായി യാത്രയായ വിവരം ഡോക്ടർ പറഞ്ഞത്. കുഞ്ഞിനെ നെഞ്ചോട് ചേർത്ത് അയാൾ പൊട്ടിക്കരഞ്ഞു. ആറു മാസങ്ങൾ കടന്നുപോയി പ്രമാണി കുഞ്ഞിന് പല സാധനങ്ങൾ കാട്ടി കളിപ്പിച്ചു. സാധനങ്ങൾ കാണിക്കുന്ന സ്ഥലത്തേക്കല്ല കുഞ്ഞിൻറെ ശ്രദ്ധ. അദ്ദേഹം ഒരു ഡോക്ടറെ കാണിച്ച് വിവരം പറഞ്ഞു. കാഴ്ചയില്ല എന്ന കാര്യം അറിഞ്ഞു. അയാൾ കുഞ്ഞിനെ ചേർത്തുപിടിച്ച് പൊട്ടിക്കരഞ്ഞു. ഡോക്ടർ പറഞ്ഞു കണ്ണുമാറ്റിവയ്ക്കൽ എന്നതല്ലാതെ ഒരു മാർഗവുമില്ല. ആ സങ്കടവുമായി അവർ പടിയിറങ്ങി. വർഷങ്ങൾ കടന്നുപോയി പ്രമാണിക്ക് പ്രായമായിത്തുടങ്ങി. അയാളുടെ കാര്യങ്ങൾ നോക്കിനടത്താൻ അദ്ദേഹത്തിന് കഴിയാതെയായി. സഹായിക്കാൻ മകൾക്ക് കാഴ്ചയും ഇല്ല. പ്രമാണി മക്കളെ ഓർത്ത് വിഷമിക്കാത്ത ദിവസങ്ങളില്ല.



അദ്ദേഹം ഒരു രണ്ടാം വിവാഹത്തിനായി ചിന്തിച്ചു. വിവാഹശേഷം രണ്ടാം ഭാര്യ അയാളെ ക്രൂരമായി വേദനിപ്പിച്ചു. വാക്കുകൾ കൊണ്ടും പ്രവർത്തികൾ കൊണ്ടും അവളെ നോവിച്ചു. ഇതൊന്നും അയാൾക്ക് സഹിക്കാനായില്ല. തൻറെ മകൾക്ക് സന്തോഷകരമായ ഒരു ജീവിതം ഉണ്ടാവണമെന്ന് അയാൾ ആഗ്രഹിച്ചു. പ്രമാണി മകളെയും കൂട്ടി ആശുപത്രിയിലെത്തി. കണ്ണ് മാറ്റിവെക്കൽ ശസ്ത്രക്രിയ നടത്താൻ തീരുമാനിച്ചു. ശസ്ത്രക്രിയ കഴിഞ്ഞപ്പോൾ ഡോക്ടർ ചോദിച്ചു ആരെയാണ് നിനക്ക് ആദ്യം കാണേണ്ടത് . അവൾ പറഞ്ഞു, എനിക്ക് അച്ഛനും അമ്മയുമായി ഒരാളെ ഉള്ളൂ, അതെന്റെ അച്ഛനാണ് അദ്ദേഹത്തെയാണ് ആദ്യം കാണേണ്ടത്. കണ്ണില്ലാത്ത എനിക്ക് അക്കാലത്ത് കണ്ണായി നിന്നത് എൻറെ അച്ഛനാണ്. ഡോക്ടർ കെട്ടഴിച്ച് കഴിച്ചപ്പോൾ അവൾ കണ്ണുകൾ മെല്ലെ തുറന്നു. ഇരുളടഞ്ഞ കണ്ണുമായി തിരയുന്ന അച്ഛനെയാണ് അവൾ കണ്ടത്. അപ്പോഴാണ് അവൾ അറിയുന്നത് അച്ഛൻറെ കണ്ണ് അവൾക്ക് ലഭിച്ചിരിക്കുന്നത്. കാണാൻ എനിക്ക് കഴിയുമ്പോൾ അച്ഛന് എന്നെ കാണാൻ കഴിയുന്നില്ല. അവൾ പൊട്ടിക്കരഞ്ഞു, ഇരുൾ വെട്ടത്തിൽ അച്ഛൻ മകളെ തലോടി.

ഫാത്തിമ നബീല. കെ

# എന്റെ ഉമ്മ

ആ വൃദ്ധയായ സ്ത്രീ തന്റെ തന്റെ മകനോട് ചോദിച്ചു കൊണ്ടേയിരുന്നു....

"മോനേ ഉമ്മാനെ എങ്ങോട്ടാ എന്റെ പൊന്നു മോൻ കൊണ്ടോണെ......? അയാൾ മിണ്ടിയില്ല, അയാളുടെ ഭാര്യ മിന്നുന്ന വസ്ത്രം ധരിച്ചു കൊണ്ട് രാത്രി തന്നോട് അടക്കം പറഞ്ഞതോർത്തു.

നിങ്ങളുടെ ഉമ്മാനെ വല്ല വൃദ്ധസദനത്തിലും കൊണ്ടാക്കു ....

എന്തുപറഞ്ഞാലും അത് അനുസരിക്കില്ല...... ഇങ്ങനെയുണ്ടോ ഉമ്മമാർ ....വയസ്സായാൽ ഒരുഭാഗത്ത് അടങ്ങി ഒതുങ്ങി ഇരിക്കണ്ടേ... അത് ചെയ്യില്ല വല്ലാത്ത ശല്യം..... ,അയാൾ മിണ്ടിയില്ല.

"നിങ്ങള് കേൾക്കുന്നുണ്ടോ .....ഒന്നുകിൽ ആ സ്ത്രീ... അല്ലെങ്കിൽ ഞാൻ, എന്നെക്കൊണ്ട് പറ്റില്ല തള്ളയെ നോക്കാൻ... "

ഉം ..... നാളെ ഞാൻ ഒരു തീരുമാനം എടുക്കുന്നുണ്ട്, അദ്ദേഹം പറഞ്ഞു..

കാർ അതിവേഗത്തിൽ കുതിച്ചു കൊണ്ടിരുന്നു. മോനേ എത്ര നാളായി മോൻ എന്റെ കൂടെ ഇങ്ങനെ ഇരുന്നിട്ട്... മോന് ഓർമ്മയുണ്ടോ ?..... പണ്ട് വലിയ വാശിക്കാരൻ ആയിരുന്നു എന്റെ മോൻ. എന്തിനും ഏതിനും വെറുതെ വാശി പിടിക്കും. ഒക്കെ നടത്തി തരാൻ ഉമ്മച്ചി എത്ര പാട് പെട്ടിരിക്കുന്നു.



അയാൾ ഒന്നും മിണ്ടിയില്ല... അയാൾ ആ സ്ത്രീയെ നോക്കി. വിളറി വെളുത്ത ആ മുഖം കണ്ടപ്പോൾ അയാൾക്ക് എന്തൊക്കെയോ പറയണമെന്നുണ്ടായിരുന്നു. അയാളുടെ മനസ്സ് അയാൾക്ക് വേണ്ടി മന്ത്രിച്ചു തുടങ്ങി. ഒരു കാലത്ത് എത്ര സൗന്ദര്യം ഉണ്ടായിരുന്ന സ്ത്രീയായിരുന്നു.. എന്നാൽ ഇപ്പോൾ ആകെ മെലിഞ്ഞു ഉണങ്ങിയിരിക്കുന്നു. സൗന്ദര്യം മുഴുവൻ തനിക്ക് പകർന്നുതന്നു സ്വയം നഷ്ടപ്പെടുത്തിയ പോലെ. സ്കൂളിൽ നിന്ന് വരുമ്പോഴേക്കും എല്ലാം തയ്യാറാക്കി വച്ചിട്ടുണ്ടാകും. തന്നെ കുളിപ്പിക്കുയും, ഉടുപ്പുകൾ ധരിപ്പിക്കുയും ചെയ്യു. പനി വരുമ്പോൾ നെറ്റിയിൽ നനഞ്ഞ തുണി കഷ്ണം വെച്ചു തന്നെ പരിചരിച്ചു ആ സ്ത്രീ.

" മോനേ നീ എന്താ ഇങ്ങനെ ആലോചിക്കുന്നേ...... എത്രനാളായി ഉമ്മച്ചിയുടെ മോൻ ഇങ്ങനെ ഇരുന്ന് യാത്ര ചെയ്തിട്ട്. പണ്ട് എന്റെ മോൻ ഉമ്മയുടെ കൂടെ എവിടേക്കും വന്നിരുന്നു. "ഓർമ്മയുണ്ടോ അതൊക്കെ?

അയാളുടെ കണ്ണുകൾ നിറഞ്ഞു തുടങ്ങി.

മോനേ ഒന്ന് വണ്ടിനിർത്ത്.....ഉമ്മച്ചിക്ക് വല്ലാത്ത ദാഹം. മോൻ ഉമ്മച്ചിക്ക് നാരങ്ങ വെള്ളം വാങ്ങി തരുമോ?

അയാൾ വണ്ടി നിർത്തി വഴിവക്കിൽ ഉള്ള ഒരു പെട്ടി പീടികയിൽ നിന്ന് നാരങ്ങ വെള്ളം വാങ്ങിച്ച് കൊടുത്തു. ആ വൃദ്ധയായ സ്ത്രീ അത് വാങ്ങുന്നതിന് മുൻപ് ചോദിച്ചു. നീ കുടിച്ചോ?



ഇല്ല, എനിക്ക് ദാഹിക്കുന്നില്ല, അയാൾ മറുപടി നൽകി.

എന്നാൽ ഇപ്പോൾ എനിക്കും വേണ്ട ,അവർ പറഞ്ഞു.

"എനിക്ക് വേണ്ടാഞ്ഞിട്ടാ, ഉമ്മ കുടിച്ചോളൂ"

ഉമ്മ ആ വെള്ളം തിരിച്ചേൽപ്പിച്ച തിരികെ കാറിൽ കയറി. എനിക്കിനി നമ്മൾ ഇറങ്ങുന്ന സ്ഥലത്തു നിന്ന് വാങ്ങി തന്നാൽ മതി. അയാളുടെ തൊണ്ട ഇടറി. ഈ പാവത്തിനറിയില്ലല്ലോ തന്നെ ഉപേക്ഷിക്കാൻ പോവുകയാണെന്ന്. അയാൾ കാറിൽ കയറി. ഒരു പരിഭ്രമത്തോടെ അയാൾ വണ്ടി സ്റ്റാർട്ടാക്കി. ഒരു പ്രയാസം. ഒരുപാട് കാലം കാറോടിച്ചിട്ട് ആദ്യമായിട്ടാണ് ഇങ്ങനെ ഒരു പ്രയാസം. അയാൾ എന്തൊക്കെയോ ചിന്തിച്ച കൊണ്ടിരുന്നു. അയാൾ പതിയെ വിയർക്കാൻ തുടങ്ങി. എന്താ.....എന്റെ മോൻ വിയർക്കുന്നേ.... വെയിൽ തീരെ പിടിച്ചില്ലേ.... സാരമില്ല മോനെ ഉമ്മ വീശിത്തരാം...

അവരുടെ തട്ടത്തിൻറെ ഒരു അറ്റം പിടിച്ച് വീശാൻ തുടങ്ങി. തന്റെ കുട്ടിക്കാലത്ത് മടിയിലിരുത്തി വീശിത്തന്നിരുന്നു. ആ സുഖം അയാൾക്ക് ലഭിച്ചു. വണ്ടി പിടിവിടാൻ തുടങ്ങി. കാർ അതിവേഗത്തിൽ ഓടാൻ തുടങ്ങി. ഒപ്പം അയാളുടെ മനസ്സും. അയാൾ ആകെ തളർന്നുപോയി. അയാളുടെ മനസ്സിന്റെ താളം തെറ്റിയിരിക്കുന്നു. എതിരെ വരുന്ന ഓരോ വണ്ടിയേയും ഉരസാൻ തുടങ്ങി. അയാളുടെ ക്രൂരമുഖം കണ്ണിൽ കാണാൻ തുടങ്ങി. വാഹനങ്ങളെല്ലാം ഹോണടിച്ചു , എന്നാൽ അയാൾക്കത് കേൾക്കുന്നില്ല....... അയാളുടെ ചെവി ഏതോ താരാട്ട് പാട്ട് കേൾക്കുകയാണ്.

അമീറ തസ്നി പി ടി (8 B)

# ഒരേ മൊട്ടിൽ നിന്നുതിർന്ന രണ്ട് പുഷ്പങ്ങൾ

ഓപ്പറേഷനുള്ള പണം നഴ്സിന്റെ കൈകളിൽ വെച്ച് കൊടുക്കുമ്പോൾ എന്റെ കൈകൾ വിറക്കുന്നുണ്ടായിരുന്നു. എന്റെ ആത്മാർത്ഥ മിത്രത്തെ തിരികെ ലഭിക്കണമെന്ന പ്രാർത്ഥന മാത്രമാണ് എന്റെ ഉള്ളിൽ. സന്തോഷത്തിലും സങ്കടത്തിലും ഒന്നായി മാറിയ ഞങ്ങൾ പേര് കൊണ്ട് പോലും സമന്മാരായിരുന്നു. എന്റെ സുഹൃത്തിന്റെ പ്രാധാന്യം മനസ്സിലാക്കാതെ ഇന്നലെ കണ്ട ഒരു പെണ്ണിനു വേണ്ടി അവനെ തള്ളിപ്പറഞ്ഞപ്പോഴും കണ്ണുകൾ നിറച്ചു നിന്നതേയുള്ളൂ അവൻ. ഓരോ നിമിഷവും അവഗണിക്കുമ്പോഴും തല കുനിച്ചിട്ട് മാത്രമേ ഉള്ളൂ അവൻ. എന്റെ രഞ്ജു എന്നെ ജീവനായ് കണ്ടിട്ടും അവൾക്കു വേണ്ടി ഞാനെന്റെ മിത്രത്തെ ചതിക്കുകയായിരുന്നു, ഒഴിവാക്കുകയായിരുന്നു. ആ കൺകളിൽ നിറഞ്ഞൊഴുകുന്ന കണ്ണുനീർ പോലും എന്നെ ശപിച്ചിട്ടുണ്ടെന്ന് തോന്നി. അത്രക്കും പാവമാണ് അവൻ. എനിക്കുവേണ്ടി എന്തും ചെയ്യാൻ മടിക്കാത്തവൻ.



"ഈ രഞ്ജിത്തുമാർ രണ്ടുപേരും ഒരിക്കൽ പോലും മിണ്ടാതെ നടന്ന് കണ്ടിട്ടില്ലല്ലോ"., എന്ന് ഓരോരുത്തർ പറയുമ്പോഴും അവർക്ക് മുന്നിൽ ഗമയോടെ എന്റെ തോളിൽ കൈയിട്ട് "ഞങ്ങൾ അങ്ങനെയാടാ"........ എന്ന് പറഞ്ഞ അവൻ അവരുടെ മുന്നിൽ തല കുനിച്ചു നടന്നത് കണ്ടിരുന്നു ഞാൻ ..... എന്റെ രഞ്ജു അപമാനിക്കപ്പെടുന്നത് കണ്ടിട്ടും അന്ന് എന്റെ മനസ്സിൽ ഒരു തുള്ളി പോലും കുറ്റബോധം തോന്നിയില്ല.

എല്ലാത്തിനും കാരണം അവളാണ്, മായ. അവളെ ഒരുപാടിഷ്ടമാണെന്ന് രഞ്ജുവിനോടായിരുന്നു ആദ്യം പറഞ്ഞത്. അവനാണല്ലോ എന്റെ ഹൃദയം സൂക്ഷിപ്പുകാരൻ. അവളുടെ പിറകെ ബൈക്കുമായി നടക്കാനും ബസ്സ്റ്റോപ്പിൽ അവളെ വായ് നോക്കാനുമെല്ലാം മുന്നിൽ നിന്നിരുന്ന എന്റെ ഇരട്ടച്ചങ്ക്..... അവള് വന്ന് ഇഷ്ടമാണെന്ന് പറഞ്ഞപ്പോഴും എന്നേക്കാൾ സന്തോഷം അവനായിരുന്നു. ഞങ്ങൾ പാർക്കിലും ബീച്ചിലും ഒരുമിച്ചപ്പോൾ അവനായിരുന്നു എല്ലാം ഒരുക്കിത്തന്നത്. പക്ഷെ അപ്പോഴെല്ലാം അവൾ എന്നിൽ കാണിച്ച കപട സ്നേഹത്തിൽ ഞാൻ അറിയാതെ വീഴുകയായിരുന്നു. എന്റെ സുഹൃത്തിനെ എന്നിൽ നിന്ന് അകറ്റാനായിരുന്നു അവൾ സ്നേഹം അഭിനയിച്ചതാണെന്ന് അറിയാൻ ഞാൻ വൈകിപ്പോയി. അപ്പോഴേക്കും എനിക്കെന്റെ സുഹൃത്തിനെ നഷ്ടപ്പെടലിന്റെ വക്കോളമെത്തിയിരുന്നു. അവൻ കേറിപിടിച്ചെന്ന് പറഞ്ഞു കരഞ്ഞു കൊണ്ട് അവൾ എന്റെ അടുത്തേക്ക് ഓടിവന്നപ്പോൾ ഒന്നും നോക്കാതെ അവനെ പോയി അടിക്കുമ്പോൾ ഞങ്ങളുടെ രണ്ടു പേരുടെയും കണ്ണുകൾ ഒരു പോലെ നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു.

അവന് വേദനിക്കുന്നത് ഒരിക്കലും സഹിക്കാൻ കഴിയാത്ത, അവന്റെ ഉറ്റ മിത്രമായ ഞാൻ തന്നെ അന്ന് അവന് ഒരുപാട് മർദ്ദിച്ചു. അവനെ അടിക്കുമ്പോൾ എന്റെ കണ്ണുകളായിരുന്നു കൂടുതൽ നിറഞ്ഞത്. എന്റെ ദേഷ്യവും ആവേശവും കെട്ടടങ്ങും വരെ ഞാനവനെ അടിച്ചിട്ടും ഒന്നും മിണ്ടാതെ , തല കുനിച്ച് നിൽക്കുന്ന അവന്റെ രൂപം ഇന്ന് എന്റെ ഓർമ്മയിൽ തെളിയുന്നു. എന്നോട് മിണ്ടാൻ പലതവണ അവൻ ശ്രമിച്ചപ്പോഴും ഞാൻ മാറിപ്പോവുകയായിരുന്നു. അവൻ അങ്ങനെ ചെയ്യില്ലെന്ന് നൂറ് ശതമാനം ഉറപ്പുണ്ടായിട്ടും അവളുടെ ആ നിറഞ്ഞ മിഴികളും ദുഃഖം നിറഞ്ഞ മുഖവും എന്നെ കുറ്റക്കാരനാക്കാൻ നിർബന്ധിക്കുകയായിരുന്നു.

rawpixel



അവനെ അവഗണിച്ച് നടക്കുമ്പോഴും മനസ്സിൽ നിറയെ അവൻ മാത്രമായിരുന്നു. അവനോട് മിണ്ടാതെ ഒരു സെക്കന്റ് പോലും ഇരിക്കാൻ കഴിയാത്ത ഞാനാണ്അവനെ 5,6 മാസം അവഗണിച്ചത്. എന്റെ മാറ്റം സഹിക്കാൻ കഴിയാതെ ഓരോ നിമിഷവും അവൻ നീറുകയായിരുന്നു. മനോനില തെറ്റിയ അവന്റെ ശ്രദ്ധ ഇടക്കെപ്പോഴോ വണ്ടി ഓടിക്കുന്നതിൽ നിന്നും തെന്നി. ആ നിമിഷം ഒരു ലോറിക്കടിയിലേക്ക് ............ അവൻ, എന്റെ രഞ്ജു...........

തലക്ക് നന്നായി പരിക്ക് പറ്റിയ അവൻ icu വിൽ കിടക്കുന്നത് ഞാൻ കാരണമാണെന്ന ഒരു കുറ്റബോധം എന്നെ വല്ലാതെ അലട്ടുകയാണ്. ലക്ഷക്കണക്കിന് രൂപയുടെ ഓപ്പറേഷൻ ആണ്. എത്ര രൂപ വേണമെങ്കിലും കൊടുക്കാൻ ഞാൻ തയ്യാറാണ്. എനിക്ക് വലുത് എന്റെ സുഹൃത്താണ്. "രഞ്ജിത്തിന്റെ കൂടെയുള്ളവർ "? ... നഴ്സ് വന്ന് ചോദിച്ചപ്പോൾ ഓടുകയായിരുന്നു ഞാൻ. "അവന്...... എന്റെ രഞ്ജുവിന് എങ്ങനെയുണ്ട് സിസ്റ്റർ?" കിതച്ചു കൊണ്ട് ഞാനത് ചോദിച്ചു. " "ഓപ്പറേഷൻ കഴിഞ്ഞു , ബോധം വന്നിട്ടുണ്ട്, പോയി കണ്ടോളൂ". അവന്റെ അടുത്തേക്ക് നടക്കുമ്പോഴും മനസ്സിൽ ഒരുപാട് ചിന്തകളായിരുന്നു . "ഇന്ന് ഒരു സോറി പറഞ്ഞ് എന്റെ പിണക്കം ഞാൻ അവസാനിപ്പിക്കും ". എന്ന് മനസ്സിൽ തീരുമാനിച്ചാണ് ഞാനവന്റെ അരികിലെത്തിയത്. യന്ത്രങ്ങൾക്കിടയിൽ പ്രയാസപ്പെട്ട് കിടക്കുന്ന അവനെ കണ്ടപ്പോൾ എന്റെ സങ്കടം വർദ്ധിച്ചു.

"ടാ ....... രഞ്ജു , നീ എന്നോട് ക്ഷമിക്കെടാ .... സോറി".

അവൻ എന്നെ അത്ഭുതത്തോടെ ഉറ്റു നോക്കി. എന്നിട്ടവൻ ആകാംഷയോടെ എന്നോട് ചോദിച്ചു. "ആരാ ......, ഭൂമി പിളർന്ന് പോയെങ്കിലെന്ന് ഞാൻ ആശിച്ചു . മുഖം പൊത്തി കരഞ്ഞു കൊണ്ട് ഞാൻ പുറത്തേക്കോടി. അപ്പോൾ ഡോക്ടർ എന്റെ അരികിൽ വന്നു തോളിൽ തട്ടി പറഞ്ഞു. "ക്ഷമിക്കണം, അവൻ ഇനി പഴയതൊന്നും ഓർക്കില്ല"...... ഒരു ഞെട്ടലോടെ ഞാനത് കേട്ടു. തേങ്ങലോടെ തിരികെ നടക്കുമ്പോൾ ഞാനറിയുകയായിരുന്നു; അറിഞ്ഞു കൊണ്ട് നഷ്ടപ്പെടുത്തിയ എന്റെ സുഹൃത്തിന്റെ വില ........ അവന് പകരമാവില്ല ആരും , ഒന്നും...........

**അൻസിയ സി പി (9 D)**

rawpixel

## തീരാ പക - ഒരു സംഭവ കഥ

സംഭവം നടക്കുന്നത് ജപ്പാനിലാണ് . 1859ൽ ജപ്പാൻ അതിവേഗം വികസിച്ചുവരുന്ന കാലമാണ്. ആയിടെ അവിടത്തെ തെരുവുകളിൽ രാത്രി ഏതാണ്ട് 12:00 മണിക്ക് നടന്നുപോകുന്ന ജപ്പാനികളെ പിന്നെ ആരും കാണുന്നില്ല. പോലീസ് സ്റ്റേഷനിൽ മിസിങ് കേസുകൾ കൂടിവരുന്നു. ഈ ജനങ്ങൾ എവിടെയാണ്?... ആരാണ് ഇവരെ തട്ടിക്കൊണ്ടു പോകുന്നത്?..... അങ്ങനെ നൂറ് നൂറ് ചോദ്യങ്ങൾ ഉയർന്നു. ഏറ്റവും കൂടുതൽ കാണാതാവുന്നത് ചെറിയ കുട്ടികളെയാണ്. ജപ്പാൻ എന്ന രാജ്യത്തെ ഞെട്ടിച്ച ഒരു കൊലയാളി. ആരായിരിക്കും ആ കൊലയാളി?... അത് കണ്ടെത്താൻ പോലീസ് ഒരു വിദ്യ കണ്ടു, എന്തായിരിക്കും?

രാത്രി 12 മണി ആ കൊലയാളി ഇറങ്ങുന്ന തെരുവിൽ പോലീസ് ഒളിച്ചിരുന്നു. കൊലയാളി പ്രത്യക്ഷപ്പെട്ടു ,അത് ഒരു സ്ത്രീയായിരുന്നു. അവളുടെ മുഖത്ത് ചുണ്ടു മുതൽ ചെവി വരെ കീറിമുറിച്ചിരുന്നു കയ്യിൽ ഒരു കത്രികയും, മാസ്കും ഉണ്ടായിരുന്നു. പെട്ടെന്നാണ് അവളുടെ നേരെ ഒരു മധ്യവയസ്കൻ വരുന്നത് . അവൾ മാസ്ക് ധരിച്ചു. അതിനുശേഷം ആ വ്യക്തിയോട് ചോദിക്കുന്നു ,

"എന്നെ കാണാൻ ഭംഗിയുണ്ടോ?" അയാൾ മറുപടി പറഞ്ഞു, ഭംഗിയുണ്ട് .

അവളാ മാസ്ക് അഴിച്ചുമാറ്റി എന്നിട്ട് അവൾ ചോദ്യം ആവർത്തിച്ചു "എന്നെ കാണാൻ ഭംഗിയുണ്ടോ".

അയാൾ പറഞ്ഞു, "ഇല്ല , ഇതെന്തു മുഖം"

അവൾ കയ്യിലിരുന്ന കത്രികകൊണ്ട് അയാളെ കൊന്നു, മൃതദേഹത്തിന്റെ ചെവിയിൽ അവൾ പറഞ്ഞു. "നിനക്ക് കണ്ണുകാണില്ല. ഞാനാണ് ഏറ്റവും വലിയ സുന്ദരി". പക മൂത്ത മനസ്സോടെ അവൾ തെരുവിൽ അലഞ്ഞു നടന്നു. ഇതെല്ലാം ഒളിച്ചിരുന്ന് കണ്ടു ,ആ ഭയാനകദൃശ്യം അവർ മറ്റുള്ളവരോട് പങ്കുവെച്ചു. എല്ലാവരും ഒരേ സ്വരത്തിൽ ചോദിച്ചു ആരാണവൾ?


ഈ സ്ത്രീയെ കുറിച്ച് ജപ്പാനിൽ ഒരു കഥ ഇറങ്ങി. അവളുടെ പേര് കൊച്ചിനോ, അതിസുന്ദരിയായ അവളുടെ സൗന്ദര്യം കണ്ടു അസൂയ മൂത്ത് അയൽവാസിയായ ഒരു സ്ത്രീ കത്രിക ഉപയോഗിച്ച് അവളുടെ മുഖം കീറിമുറിച്ചു, ഈ സംഭവം അവളെ തളർത്തി. അതിൽ പിന്നെ ഇവൾ രാത്രി അലഞ്ഞുതിരിഞ്ഞു വഴിയിൽ കാണുന്ന വരെ ചോദ്യം ചെയ്തു ഉപദ്രവിക്കും. കുട്ടികളെയും ഇവൾ ക്രൂരതയ്ക്ക് ഇരയാക്കി.അതിന് കാരണം ചെറിയ കുട്ടികൾ പോലും സുന്ദരമായ മുഖമുള്ളവർ ഉണ്ടാവരുത് എന്ന ചിന്തയായിരുന്നു. തീരാ പകയോടെ അവൾ ആളുകളെ കൊന്നൊടുക്കി. ആളുകൾ പേടിച്ച് ഇറങ്ങാതെ ആയപ്പോൾ അവൾ അപ്രത്യക്ഷയായി. ഇന്ന് അവൾ എവിടെ?.............

**മുനവ്വിറ ജാസ്മിൻ (8 B)**

## പ്രകൃതിയുടെ നന്മയ്ക്കായ് ഒരാൾ

ഗ്രാമത്തിന്റെ ഒരു വശത്തായിരുന്നു ആ വലിയ കുന്ന്. കുന്നിന്റെ മുകളിലെ മരത്തിൽ കൂട്ട കെട്ടിയിരിക്കുന്ന കാക്ക തന്റെ മുട്ടകൾ വിരിയുന്നതും നോക്കിയിരിക്കുകയായിരുന്നു. അധികം താമസിയാതെ തന്നെ മുട്ടകൾ വിരിഞ്ഞു കുഞ്ഞുങ്ങൾ പുറത്തു വന്നു. അവർ കാ..... കാ.....കാ.... എന്ന് കരഞ്ഞു.

കുഞ്ഞുങ്ങൾക്ക് തീറ്റ കൊടുക്കാനായി അലഞ്ഞു നടക്കുമ്പോഴാണ് താഴെ മാലിന്യങ്ങൾ കൊണ്ട് തെരുവുകൾ നിറഞ്ഞിരിക്കുന്ന കാഴ്ച കണ്ടത്. മെല്ലെ അവർ താഴോട്ട് പറന്നിറങ്ങി. തെരുവിലെ മാലിന്യക്കൂമ്പാരങ്ങൾ ഓരോന്നായി കൊത്തിമാറ്റി അപ്പുറത്തെ വെയ്സ്റ്റ് ബോക്സിൽ നിക്ഷേപിച്ചു. സ്വന്തം ജീവിതത്തിൽ ദോഷമുണ്ടാക്കും എന്നറിഞ്ഞിട്ടും അത് തെരുവിൽ തള്ളുന്ന മനുഷ്യർ ! ഇതെല്ലാം കൊത്തിമാറ്റി വൃത്തിയാക്കുന്ന കാക്ക. മാലിന്യക്കൂമ്പാരത്തിൽ നിന്നും എന്തൊക്കെയോ പെറുക്കിക്കൂട്ടി കുഞ്ഞുങ്ങളുടെ അടുത്തെത്തി അവൾ കുഞ്ഞുങ്ങളുടെ ചുണ്ടിൽ വെച്ച് കൊടുക്കുന്നു.



അടുത്ത ദിവസം പ്രഭാതത്തിൽ എന്തോ ഒരു വലിയ ശബ്ദം കേട്ടാണവൾ കണ്ണുതുറന്നത്. കുഞ്ഞുങ്ങൾ പേടിച്ചു കരഞ്ഞു. അവൾ കൂടിനു പുറത്തിറങ്ങി നോക്കി. അവിടെ വലിയൊരു സാധനം, എന്താണെന്ന് അവൾക്കു മനസ്സിലായില്ല. അതിന്റെ മുമ്പിലും പിന്നിലും കുറേ ഇരുമ്പു പല്ലുകള് , അവൾക്കൊന്നും മനസ്സിലായില്ലെങ്കിലും നമ്മൾ മനുഷ്യർക്ക് അത് മനസ്സിലാകും, മണ്ണു മാന്തിയന്ത്രം.

എന്താണത് ചെയ്യാൻ പോകുന്നതെന്നവൾ നോക്കി നിന്നു. അതിന്റെ കൂർത്ത പല്ലുകൾ ഉപയോഗിച്ച് കുന്നിന്റെ ഒരുഭാഗം മെല്ലെ ഇടിച്ചു നിരത്താൻ തുടങ്ങിരിയിരിക്കുന്നു. അയ്യോ, തന്റെ വീട്, തന്റെ കുഞ്ഞുങ്ങൾ .......... ഈ മനുഷ്യൻ എത്ര കരുണയില്ലാത്തവരാണ്. അവളുടെ മനസ്സിലൂടെ പലതരം ചിന്തകൾ കടന്നു പോയി. തന്റെ കൂട്ട നിൽക്കുന്ന മരം ഒന്നു കുലുങ്ങി. അവൾ താഴോട്ട് നോക്കി അതാ ആ വലിയ യന്ത്രം കൊണ്ട് തന്റെ വീട് നിൽക്കുന്ന മരവും പറിച്ചു മാറ്റുന്നു. അവൾ പറന്നു രക്ഷപ്പെടുമായിരിക്കും. എന്നാൽ പറക്കമുറ്റാത്ത അവളുടെ കുഞ്ഞുങ്ങൾ.........? അവർ എന്തുചെയ്യും ? അവളുടെ ഹൃദയം വിതുമ്പി. ഞാൻ എന്നെക്കൊണ്ടാവുന്ന പോലെ പരിസരം വൃത്തിയാക്കുന്നുണ്ട്. ഇതുപോലെ ഓരോ മനുഷ്യരും ചിന്തിച്ചാൽ നമ്മുടെ പ്രകൃതി എത്ര സുന്ദരമായിരിക്കും? അവൾ മനസ്സിൽ കരുതി......

**ഷാനിബ**

# സ്നേഹ തീരം

അർദ്ധരാത്രിയിൽ സഹൽ ഞെട്ടിയുണർന്നു. എന്താണ് എന്ന് അറിയില്ല. താൻ തനിച്ചാണ്. കൂടെ ആരുമില്ല . തന്റെ കൂടെ ഉണ്ടായിരുന്ന തനിക്ക് പ്രിയപ്പെട്ട തന്റെ "പൊന്നുമ്മ" തന്നെ ഒറ്റക്കാക്കി പോയി (മരണപ്പെട്ടു). ഉമ്മയുടെ കൂടെയാണ് എന്നും ഉറക്കം. വല്ലാത്ത ക്ഷീണം.

സ്കൂളിൽ നിന്നും ടീച്ചർ എന്നെ ഓഫീസിലേക്ക് വിളിച്ചു. അവിടെ ഹെഡ്മാസ്റ്റർ ഫോൺ ചെയ്യുകയായിരുന്നു. സാറിന്റെ മുഖം വല്ലാതെ വാടിയിരുന്നു. എന്നോട് ബാഗ് കൊണ്ടുവരാൻ പറഞ്ഞു. ക്ലാസ്സിൽ പോയി ബാഗുമായി തിരിച്ചുവന്നു. സാറിന്റെ കൂടെ വീട്ടിൽ പോയി. അവിടെ എല്ലാവരും ഉണ്ടായിരുന്നു. അപ്പോൾ തന്നെ കാര്യം മനസ്സിലായി. തനിക്ക് പ്രിയപ്പെട്ട ആരോ..... ഒരാൾ മരണപ്പെട്ടു എന്ന്. അത് തന്റെ ഉമ്മയാകും എന്ന് പ്രതീക്ഷിച്ചില്ലായിരുന്നു.

ഞാൻ പതിയെ ഉള്ളിലേക്ക് കടന്നു. ആ വെള്ളത്തുണി മാറ്റിയപ്പോൾ എനിക്ക് സഹിക്കാൻ കഴിഞ്ഞില്ല. ഞാൻ തിരിഞ്ഞു നിന്നു. ഇന്ന് രാവിലെ അപ്പവും, ചായയും ഉച്ചയ്ക്കുള്ള ഭക്ഷണവും പൊതിഞ്ഞു തന്ന് എന്നെ സ്കൂളിലേക്ക് പറഞ്ഞയച്ച തന്റെ പൊന്നുമ്മയതാ........



ഉമ്മാ എന്നാർത്തു ഞാനാ മുഖത്തേക്ക് വീണു പൊട്ടിക്കരഞ്ഞു. 'കരയല്ലേ മോനെ' എന്ന് സമാധാനിപ്പിച്ചു ഉപ്പ പറഞ്ഞെങ്കിലും തനിക്കു സഹിക്കാവുന്നതിലും എത്രയോ അപ്പുറമായിരുന്നു ഉമ്മാന്റെ വേർപാട്.

അന്ന് രാത്രി ഉറക്കത്തിൽ അവനറിയാതെ "ഉമ്മാ" എന്ന് ഉറക്കെ വിളിച്ചു. ഇനിയും "ഉറങ്ങിയില്ലേ മോനേ" എന്ന് ചോദിച്ചു കൊണ്ട് ഉപ്പ വന്നു. മകന്റെ ചുവന്ന കണ്ണുകൾ കണ്ട് ഉപ്പാക്ക് സഹിക്കാൻ കഴിഞ്ഞില്ല. മകനെയും കെട്ടിപ്പിടിച്ചു ആ പാതിരാത്രിയിൽ ഉപ്പ പൊട്ടിക്കരഞ്ഞു. അവൻ അറിയാതെ ഉറങ്ങിപ്പോയി.

തന്റെ മോന് ഒരു പ്രയാസവും വരരുത് എന്ന് കരുതി പിതാവ് രണ്ടാം വിവാഹം കഴിച്ചു. ഉമ്മാന്റെ മരണ ശേഷം സഹൽ മോൻ ആദ്യമായി അന്ന് ചിരിച്ചു. അവൻ കരുതിയത് , തന്നെ നോക്കുന്ന ഒരു നല്ല കുഞ്ഞാമ (രണ്ടാം ഉമ്മയെ അവൻ കുഞ്ഞാമ എന്നാണ് വിളിക്കുക) ആകും എന്നാണ് കരുതിയത്.

പക്ഷെ അവൻ കരുതിയ പോലെ ഒന്നും നടന്നില്ല. ഉപ്പാന്റെ മുന്നിൽ മാത്രം കുഞ്ഞാമ അവനെ സ്നേഹിച്ചു. ഉപ്പ ഇല്ലാത്ത സമയം കുഞ്ഞാമ കുറ്റം പറയൽ മാത്രമായി. പിന്നെ ഉപ്പ വരുമ്പോൾ മാത്രമാണ് സമാധാനം ഉണ്ടാവുക. ഇ സമാധാനം കുറേനാൾ നീണ്ടു നിന്നില്ല. കുഞ്ഞാമ തന്നെപ്പറ്റി ഇല്ലാത്ത കാര്യങ്ങൾ ഉപ്പയോട് പറഞ്ഞു കൊടുത്തു. ഉപ്പയുടെ സ്നേഹം കുറഞ്ഞു.

ഒരു ദിവസം തന്റെ കൈയിൽ നിന്ന് ഗ്ലാസ് വീണു പൊട്ടിപ്പോയി. അതിന്റെ പേരിൽ കുഞ്ഞാമ അവനെ തല്ലി. ഉപ്പ വന്ന ശേഷം കുഞ്ഞാമ പറഞ്ഞു, അവൻ ഗ്ലാസ് എറിഞ്ഞു പൊട്ടിച്ചു എന്ന്. ഉപ്പ അവനെ കുറെ തല്ലി. സങ്കടം സഹിക്കാതെ അവൻ നാട് വിടാൻ തീരുമാനിച്ചു.



ബസ്സ്റ്റാന്റിൽ വെച്ച് അവൻ എങ്ങോട്ട് പോവണം എന്ന് ചിന്തിച്ചു. അവൻ റെയിൽവേ സ്റ്റേഷനിലേക്ക് നടന്നു. അവിടന്ന് ആദ്യ വണ്ടിക്ക് തന്നെ കയറി. കിട്ടിയ സീറ്റിൽ ഇരുന്നു. അവിടെ സഹൽ മോന്റെ കൂടെ ബഷീർ ഇക്കയും, ഭാര്യ ഹഫ്സത്തയും ഉണ്ട്. അവൻ ആ സീറ്റിൽ ഇരുന്ന് കരയാൻ തുടങ്ങി. ഇത് കണ്ട ബഷീർ ഇക്ക കാര്യം തിരക്കി. സഹൽ എല്ലാം പറഞ്ഞു കൊടുത്തു.

അങ്ങനെ ബഷീർ ഇക്കയും , ഹഫ്സത്തയും സഹൽ മോനെ തങ്ങളുടെ കൂടെ കൂട്ടാൻ തീരുമാനിച്ചു. മക്കൾ ഇല്ലാത്ത അവർക്കു കൂട്ടായി സഹൽ. അവർ സഹലിനെ പഠിപ്പിച്ചു. നാട്ടിൽ സഹൽ നല്ല ഒരു വിദ്യാർത്ഥിയായി മാറി. പഠിച്ചു വലുതായി. ഡോകടർ ആവണം എന്ന മോഹം സഫലമായി. ആ നാട്ടിലെ ആദ്യത്തെ ഡോക്ടർ. അത് ആഘോഷിക്കാൻ നാട്ടുകാരും, മെമ്പറും വീട്ടിൽ എത്തി. വാതിൽ തുറന്ന ഹഫ്സത്ത പറഞ്ഞു : അവർ ഇവിടെ ഇല്ല. നാട്ടുകാർ ചോദിച്ചു , അവർ എവിടെ പോയി .....?

ഹഫ്സത്ത മറുപടി പറഞ്ഞു, ഇന്നലെ രാത്രി സഹൽ ഇരുന്നു കരയുന്നത് കണ്ടു. അവന് അവന്റെ ഉപ്പാനെ കാണണം എന്ന് പറഞ്ഞു. അപ്പോ... അവർ ഉപ്പാനെ കാണാൻ പോയതാണ്.

വീട്ടിൽ എത്തിയ സഹലിന്റെ കണ്ണ് നിറഞ്ഞു. കൂടെ ബഷീർക്കാന്റെയും. കാരണം ഒരു ചെറിയ കുടിൽ. വളരെ ദാരിദ്ര്യം. ഉള്ളിൽ കയറിയ ഉടനെ കുഞ്ഞാമയെ കണ്ടു. ആരാണെന്ന കുഞ്ഞാമയുടെ ചോദ്യത്തിന് സഹൽ മറുപടി കൊടുത്തു. സഹൽ ഉപ്പയെ നോക്കി കരഞ്ഞു കൊണ്ട് ഉപ്പാ....... എന്ന് വിളിച്ചു. കുഞ്ഞാമ അവനെ നോക്കി. സഹൽ മോൻ ആണോ? മോനെ വഴക്ക് പറഞ്ഞതിന് ദൈവം തന്ന ശിക്ഷയാണ്. ഉപ്പാ ...... ഉപ്പാന്റെ ചികിത്സ ഞാൻ ഏറ്റെടുക്കും .....

ഇൻഷാ അള്ളാ.....

**ഫാത്തിമ റിംന കെ**

# താളവും വരികളും



# തീരം തേടി


പെയ്തുതീരാത്ത
മഴയും
പറഞ്ഞുതീരാത്ത
വാക്കുകളും
പാതിവഴിയിലുപേക്ഷിച്ച്
പുതിയൊരില തളിർക്കുന്നു....
നടന്നുപഴകിയ വഴികളിലെല്ലാം
കാഴ്ച ഒന്നു തന്നെ
ചിറകറ്റ ലോകത്തൊരു
മൃതിയായി തുടരാൻ വയ്യ
എനിക്കു ജീവിക്കണം
പുതിയൊരു തീരത്ത്
ഉറച്ചൊരു ചുവടോട് കൂടെ

ഷഹല എം (9 J)

# എന്റെ പ്രണയം

ഒരിക്കലും കാണാത്ത
കുയിലിൻറെ പാട്ടിനാൽ
കുയിലിനെ സ്നേഹിച്ച
കുഞ്ഞിനെ പോലെയാണ് എൻ പ്രണയം
ഒരിക്കലും കാണാത്ത
പൂവിൻറെ സുഗന്ധത്താൽ
പൂവിനെ സ്നേഹിച്ച
കുട്ടിയെ പോലെയെൻ പ്രണയം
ഒരിക്കലും കാണാത്ത
തെന്നലിൻ കുളിർമയാൽ
കാറ്റിനെ സ്നേഹിച്ച
കുട്ടിയെ പോലെയെൻ പ്രണയം
പ്രിയം കൊണ്ട് മാത്രം പ്രിയങ്കരമായൊരു
പ്രണയമാണെൻ പ്രണയം

**ഫാത്തിമ ഷാമില**



## നോവ്..........

തല മുണ്ഡനം ചെയ്ത
അവളെക്കണ്ടപ്പോൾ
മനസിലേക്കരിച്ചിറങ്ങിയത്
മരണത്തിന്റെ തണുപ്പ്

അവളുടെ സിന്ദൂരരേഖ
ചുവന്നപ്പോൾ
ശസ്ത്രക്രിയായന്ത്രങ്ങൾ
അവയവങ്ങളോരോന്നായ്
അറുത്ത് മാറ്റിയപ്പോൾ
കാണാനാവാതെ
മിഴികൾ പൂട്ടി

ഒടുവിൽ ....
അവളുടെ മാറിലെ
പടുകുറ്റൻ ടർഫിൽ
വിജയാരവങ്ങൾ മുഴങ്ങുമ്പോൾ....

ആരും കേൾക്കാതെ
ഒരു നേർത്ത തേങ്ങൽ ....
അതിന്നും കേൾക്കുന്നു
ഓരോ യാത്രയിലും .....

സുധ എ
(എച്ച് എസ് ടി മലയാളം)

# പ്രകൃതി വിഭവങ്ങൾ



മന്ദാരപ്പൂവിൻറെ മധുരമാം കാലൊച്ച-

ചെവിയിൽ പറഞ്ഞതിതെന്താ

വസന്ത കാലങ്ങളിൽ പാറിക്കളിക്കുമീ

കാറ്റുകൾപറയുന്നതെന്താ

കുളിരിൻ ചുവട്ടിൽ കൂടിന്റെ ഉള്ളിൽ

കിളികൾ പറയുന്നതെന്താ

മാരി പെയ്യുമീ രാവിൻ ചുവട്ടിൽ-

തവളകൾ പറയുന്നതെന്താ

കള കള മൊഴുകുമീ പൂന്തേനരുവി തൻ

ഓളങ്ങൾ പറയുന്നതെന്താ

പൂക്കളിൽ പാറിക്കളിക്കുമീ ശലഭം തൻ

ചിറകുകൾ പറയുന്നതെന്താ

എന്തു രസമാണീ പ്രകൃതിതൻ വിഭവങ്ങൾ

ഉത്സാഹമത്രയതെന്നോ

**മിൻഷ തപസ്സും കെ കെ (8 B)**



# പുതുതലമുറ

സന്തോഷത്തിന്റെ  ഇന്ത്യയെ ഞാനോർക്കുന്നു;
ഒരായിരം    ദുഃഖങ്ങളോടെ
ഓർക്കുന്നു,  ഹിന്ദു- മുസ്ലിം- ക്രിസ്ത്യൻ സൗഹൃദം.......
ഓർക്കുന്നു,  മാതൃ- പിതൃ വാത്സല്യ  ജീവിതം......
കളിച്ചു ചിരിച്ച  നാളുകൾ മായുന്നു......
ഓർത്തിരുന്ന സ്വപ്നങ്ങൾ ഞാൻ മറക്കുന്നു
ഇൻറർനെറ്റിലല്ലേ ജനജീവിതം...
ഇൻറർനെറ്റിൽ ജനങ്ങൾ ജോലി വരെ ചെയ്യുന്നു, കളിക്കുന്നു,
പുറത്ത് കാൺമത്   മിച്ചം  പേരെ.......
ഫോണുകളല്ലേ.... ജീവിത മയം........
ബാല്യ മരണം കൂടുന്നു ; കാരണം ആരും ഓർക്കുന്നില്ലെന്ന് സാരം.......
ഇന്നലെ കഴിഞ്ഞ നോവുകൾ ഓർമ്മകളായി  തീർന്നെന്ന് സത്യം.........
മൊബൈലിൽ, അടയിരുന്ന് ക്യാൻസർ തുടങ്ങിയവ തുടരുന്നു , ഖേദം.......
ഹാർട്ട്  അറ്റാക്ക്  എണ്ണമറ്റതാകുന്നു സത്യം  ,....

ഒരു വിരലിൽനൊടിച്ച നേരം കൊണ്ട് മാറിമറിഞ്ഞ ഇന്ത്യയെ
ഓർക്കുമോ......
ഇനിയുള്ള കാലം....,
വേവലാതി പതിയുന്നു മനസ്സിൽ
വരും   തലമുറ എങ്ങനെ ജീവിക്കും.....
ദൈവമേ...........
നിനക്കാണു  സ്തുതി.......
നീ എല്ലാം, കാണുന്നുണ്ടെന്ന് സാരം,
മാറുമോ  എൻ വേവലാതികൾ.........
കാത്തിരിക്കുന്നു ഞാൻ ......
കാത്തിരിക്കുന്നു ഞാൻ......
ഒരുപാട് ...... വേവലാതികളോടെ

**ആയിഷ നുബ പി ടി (8 A)**

# A POEMA



Do you know,
I am the replica of those
Guys who are inferred as
Imperfect voids of genuinity
Tattoos shaped and twisted
Accordingly to the persona of certain
Loyal  neanders resting And

Mesmerizing peacefully at the dark corners
As if it is made for centuries
Guardians of  bittersweet
Awesomely towered accolades
Zombies, boasting independent
Inaccurate clocks running anti-clockwise
Neatly cut and polished
Edited and directed by the societal poema

SINDHU K C
HST ENGLISH

# MOTHER


Mother,
Mother is my angel of heaven
She is my first teacher
And my first doctor
Always protects me,

My best friend is mom
She washes all my cloths
My best cook is mom
She makes all dishes
And my favourites

Mom gave me birth,
She gave me first drink
That drink was very sweet
My role model is my mom
She is my all

JASLA KP ( 10 E )





ماحولیات

فطرت کو اپناؤ میرے پیارے یارو
سر سبز و شاداب بناؤ میرے پیارے یارو
ماحولیات کی حفاظت کرو پیارے یارو
بیل بوٹے لگاؤ میرے پیارے یارو
سجاؤ ترکاریوں سے آنگن کو یارو
بچاؤ زہریلی چیزوں سے تن کو یارو
ہریالی سے دل کو خوش کرو پیارے یارو
قدرت سے نبھاؤ دوستی پیارے یارو
کائنات کو بچاؤ اپنی حرکتوں سے یارو
قدرت کو اپنے آپ بچاتے رہو یارو
دواؤں کے غداب سے دور رہو یارو
زہروں کے غذا سے دور رہو یارو
اے صمدؔ سب کو صحت کی یاد دلا دو
دھرتی کو برباد کرنے سے تاکید دلا دو



**അബ്ദുസ്സമദ് (എച്ച് എസ് ടി ഉറുദു)**



## زندگی

وقفے وقفے سے تارو پودِ نفس
کبھی باہم ، کبھی پراگندہ
کبھی چادر کوئی بُنی ایسی
اوڑھ کر یوں لگا کہ میں زندہ
کبھی تن ڈھانپنے کی کوشش میں
پھرور بیٹھے رہے میں شرمندہ
ان تضادوں کی تھاپ پر اب تک
ذہن میں اک سوال رقصندہ
زیست ارزاں ہے یا کہ ارزندہ

-Afna Basheer

**AFNA BASHEER ( 9 J)**

# വരകളും വർണ്ണങ്ങളും

നഷ്‌വ സലാം ടി ടി ( 9 J)



നഷ്‌വ സലാം ടി ടി ( 9 J)



**അൻഷിഫ്** *(10* B*)*



**ഷഹന**





**അൻഷിഫ്** *(10* B*)*






റിംഷീന ജാസ്മിൻ




മിൻഷ തപസ്സും കെ കെ ( 8 B)




അസ്‌ല കെ ( 8 D)



ഫിദ ( 9 J)




റിംഷീന ജാസ്മിൻ




ഷിഫാന കെ പി (8 D)



ഫാത്തിമ നൂറ കെ കെ ( 8 G)



ഫിദ (9 J)

# ഓർത്തെടുക്കാൻ ചില നിമിഷങ്ങൾ

## പുസ്തകങ്ങൾക്കപ്പുറം............






















REDMI NOTE 5 PRO
MI DUAL CAMERA














Pie Charts




ICC CRICKET WORLD CUP



"കറുത്ത കാലങ്ങളിൽ കവിതകളുണ്ടാകുമോ

തീർച്ചയായും, കറുത്ത കാലങ്ങളെക്കുറിച്ച്"..........